ഉത്തരം

സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന ബ്രഡ് മോഡേൺ ഇൻസ്ട്രിയിൽ നിന്നും, പാൽ, മിൽമയിൽ നിന്നുമാണ് വാങ്ങുന്നത്. ഇവ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ക്ഷീരവ്യവസായ സഹകരണസംഘങ്ങളിൽ നിന്നാണ് വാങ്ങുന്നത്. മറ്റ് സാധനങ്ങൾ സിവിൽ സപ്ലൈസ്, നീതി സ്റ്റോറുകൾ, കൺസ്യൂമർ സറ്റോർ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്. ടി സർക്കാർ സ്ഥാപനങ്ങളില്ലാത്ത മേഖലകളിൽ ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിന് വേണ്ടി മേലധികാരികൾ സ്റ്റോർ പർച്ചേഴ്സ് റൂൾസ് അനുസരിച്ച് ടെൻഡർ വിളിക്കുകയും പ്രസ്തുത ടെൻഡറുകളിൽ നൽകിയിട്ടുള്ള നിരക്ക് ബ്യൂറോ നിരക്കിനേക്കാൾ 15%ത്തിൽ താഴെയാണെങ്കിൽ അതാതു ജില്ലാ മെഡിക്കലാഫീസറും നിരക്ക് 15%ത്തിലും 25%ത്തിലും ഇടയ്ക്ക് അധികമാണെങ്കിൽ ആരോഗ്യവകുപ്പ് ഡയറക്ടറും 25%ത്തിൽ കൂടുതലാണെങ്കിൽ സർക്കാർ തലത്തിലും ഭരണാനുമതി നൽകുന്നതാണ്.

മോർച്ചറി ടെക്നീഷ്യൻ തസ്തികയിലെ ഒഴിവുകൾ

166 (3356) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ മോർച്ചറി ടെക്നീഷ്യൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെങ്കിലും മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ടായിരുന്ന മോർച്ചറി ടെക്നീഷ്യൻ തസ്തിക നിർത്തലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ഈ മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ ഏത് തസ്തികയിലുള്ളവരാണ് മോർച്ചറി ടെക്നീഷ്യന്റെ ജോലി നോക്കുന്നത് എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഒഴിവുള്ള മോർച്ചറി ടെക്നീഷ്യൻ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൃശൂർ മെഡിക്കൽ കോളേജിൽ ഒരു തസ്തിക ഒഴിഞ്ഞ് കിടക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly